തിരുവനന്തപുരംവ്യവസായവാണിജ്യഡയറക്ടറേറ്റിലെ
സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസറുടെനടപടിക്രമം
(അവതരണം : RAJEEVE C R)

DIC/16195/2018-EA1 തീയതി : 01-08-2025

വിഷയം:- വ്യവസായം - ജീവനക്കാര്യം - തസ്തിക മാറ്റം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയി നിന്നും എൽ ഡി ക്ലർക്ക് തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു

പരാമർശം:-
1. സർക്കാർ ഉത്തരവ് (പി).നം.01/14 തീയതി 03.04.2014
2. സർക്കാർ ഉത്തരവ് (സാധാ) നം.201/2019.വ്യവ തീയതി 26.02.2019
3. 23.09.2020 തീയതിയിലെ A2/85/2020/ വ്യവ നമ്പർ സർക്കാർ കത്ത്
4. 30.07.2025 തീയതിയിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ DIC/2014/2025-EA1 നമ്പർ നടപടി ക്രമം.
5. ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ മറ്റു വിഭാഗക്കാരുടെ 01.01.1982 മുതൽ 31.12.2012 വരെയുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റ്
6. സർക്കാർ ഉത്തരവ് (അച്ചടി) നം.4/2023/ഉ.ഭ.പ.വ തീയതി 16.03.2023
7. 08.07.2025 തീയതിയിലെ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള DICKLM/986/2025-K1 നമ്പർ കത്ത്
8. 03.06.2025 തീയതിയിലെ സ.ഉ(അച്ചടി) 7/2025/P&ARD നമ്പർ സർക്കാർ ഉത്തരവ്

പരാമർശം (1) പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ എൽ ഡി ക്ലർക്ക് , എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 1 0 % ഒഴിവിലേയ്ക്ക് അതാതു വകുപ്പുകളിലെ ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ ഡി ക്ലർക്ക്,എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിൽ ഉള്ളവർ) യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.എന്നാൽ ഇങ്ങനെ ചെയുമ്പോൾ തസ്തികമാറ്റത്തിന്റെ അനുപാതം അനുവദനീയമായ 10 % ൽ അധികരിക്കുകയാണെങ്കിൽ തസ്തികയുടെ എണ്ണം കണക്കാക്കുമ്പോൾ ദശാംശ സ്ഥാനം കണക്കാക്കേണ്ടതില്ല എന്ന് പരാമർശം (8) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ് .ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലറിക്കൽ തസ്തികയിലേക്ക് തസ്തിക മാറ്റം ലഭിച്ചിട്ടുള്ള പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി.ലേഖ കുമാരി ആർ ന് പരാമർശം ( 4 ) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതിനാൽ വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരന് ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം നൽകി നിയമിക്കേണ്ടതുണ്ട്. പരാമർശം (5) പ്രകാരമുള്ള ഓഫീസ് അറ്റൻഡന്റ് , ഡ്രൈവർ, മറ്റു വിഭാഗക്കാരുടെ 01.01.1982 മുതൽ 31.12.2012 വരെയുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ളത് സീനിയോരിറ്റി ക്രമ നമ്പർ 134 ആയ ശ്രീ.സുനിൽ കുമാർ സി ആണ്. പരാമർ ശം ( 6 ) പ്രകാരം പ്രസ്തുത തസ്തികമാറ്റത്തിനുള്ള യോഗ്യതയായ എം ഒ പി ടിയാൻ പാസ് ആയിട്ടുണ്ടെന്ന് പരാമർശം (7) പ്രകാരം കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ ടി ഉദ്യോഗസ്ഥന് തസ്തിക മാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമനം നൽകേണ്ടതുണ്ട്. ടി സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ വ്യവസായവാണിജ്യ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഉദ്യോസ്ഥന് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ എൽ ഡി ക്ലർക്ക് തസ്തികയിൽ 26,500-60,700/- ശമ്പളനിരക്കിൽ തസ്തിക മാറ്റം മുഖേന താഴെ പറയും പ്രകാരം നിയമനം നൽകി

ഉത്തരവാകുന്നു.

| സീനിയോറിറ്റി ലിസ്റ്റിലെ പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | തസ്തിക മാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|
| ശ്രീ.സുനിൽ കുമാർ സി<br>ഓഫീസ് അറ്റൻഡന്റ്<br>(പെൻ നമ്പർ : 200526 )<br>താലൂക്ക് വ്യവസായ ഓഫീസ് , പത്തനാപുരം | ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ |

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥർ ജോലിയില് പ്രവേശിക്കുന്നതിനായി ടി ഉത്തരവ് തീയതി മുതൽ 1 5 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകേണ്ടതുണ്ട്.അല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ യാഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥനു സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും.ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥനു 3 വർഷത്തെ തുടർച്ചയായ സേവനത്തിൽ 2 വർഷം പ്രൊബേഷൻ ആയിരിക്കും.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട നിയന്ത്രണാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്. നിലവിലെ നിയന്ത്രണാധികാരിയുടെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപും ടി ഉദ്യോഗസ്ഥൻ പരാമർശം (1), (6) പ്രകാരമുള്ള ഉത്തരവിലെ യോഗ്യത നേടിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.

Signed by
Rajeeve. C. R
Date: 01-08-2025 12:14:32

RAJEEVE C R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :- ശ്രീ.സുനിൽ കുമാർ സി, ഓഫീസ് അറ്റൻഡന്റ് (നിയന്ത്രണാധികാരി മുഖേന )

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം
3. സീനിയോറിറ്റി സെക്ഷൻ
4. അധികപകർപ്പ് / സൂക്ഷിപ്പ് ഫയൽ